# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *302** **12/12/2018-ലെ മറുപടി**

## അന്തർ സംസ്ഥാന നദീജല കരാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. എസ്. രാജേന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനം കക്ഷിയായിട്ടുള്ള വിവിധ അന്തർ സംസ്ഥാന നദീജലകരാറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മാത്രമേ കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളൂ. അവ 29/05/1970-ൽ, 09/11/1958 മുതൽ മുൻകാലപ്രാബല്യത്തോടെ ഒപ്പുവെച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ, 19.08.1973 ൽ ഒപ്പുവെച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29 ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യൻ ഇൻ കൗൺസിലും ഒപ്പുവെച്ച പെരിയാർ പാട്ടക്കരാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധ കരാറുകൾ എന്നിവയാണ്. |
| (ബി) സംസ്ഥാനത്തുണ്ടായ പ്രളയം നാശനഷ്ടം സൃഷ്ടിച്ചതിന്റെ പശ്ചാത്തലത്തിൽ ബലക്ഷയമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലപരിശോധന അന്താരാഷ്ട്ര വിദഗ്ധ സമിതിയെക്കൊണ്ട് നടത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | ബി) ഇല്ല |

(സി) വെള്ളപ്പൊക്ക സാധ്യത മുന്നിൽ കണ്ട് ജനങ്ങളുടെ ജീവസുരക്ഷ ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിനുള്ള അനുമതിക്കായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

സി) മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം കണക്കിലെടുത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള അനുമതിയ്ക്കായുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചു വരുന്നു. എന്നാൽ മുല്ലപ്പെരിയാർ പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം, പെരിയാർ കടുവ സങ്കേതമേഖലയിൽ ആയതിനാൽ പാരിസ്ഥിതികാനുമതി, Forest clearance, Wild Life clearance, Tiger conservation Authority യുടെ clearance എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭനടപടി എന്ന നിലയ്ക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പരിസ്ഥിതി ആഘാത പഠനത്തിനു വേണ്ടിയുള്ള Terms of Reference (ToR) 2018 മേയ് 25-ന് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചു. 2018 സെപ്തംബർ 27-നു ചേർന്ന 18-ാമത് Expert Appraisal Committee (EAC)-യുടെ യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയുണ്ടായി. ഭാരത സർക്കാരിന്റെ പരിസ്ഥിതി -വനം -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2018 നവംബർ 14-നു EIA പഠനത്തിനുള്ള ToR-നുള്ള അംഗീകാരം നിബന്ധനകളോടെ നൽകുകയുണ്ടായി ഇതിൻ പ്രകാരം പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനു മുൻപ്

തമിഴ്നാട് സർക്കാരുമായിട്ട് ഉഭയകക്ഷി സമ്മതത്തിൽ ഏർപ്പെടേണ്ടത് ആവശ്യമാണ്. അതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ഡി) തുടർച്ചയായ കരാർ ലംഘനവും കാലാവസ്ഥാ വ്യതിയാനം സൃഷ്ടിച്ച പുതിയ സാഹചര്യവും കണക്കിലെടുത്ത് പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം നടത്തുന്നതിനു കാര്യക്ഷമമായ നടപടി സ്വീകരിക്കുമോ ?

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിലും, മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരുസംസ്ഥാനങ്ങളും തമ്മിൽ നടന്നുവെങ്കിലും, കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. കേരളത്തിന്റെ താത്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തി മെച്ചപ്പെട്ട ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള സാധ്യതകളാണ് സംസ്ഥാനം ആരായുന്നത്. 19.01.2018ന് തിരുവനന്തപുരത്ത് രണ്ട് സംസ്ഥാനങ്ങളും തമ്മിൽ നടന്ന സെക്രട്ടറി തല ചർച്ചയിലും 02.05.2018ന് ന്യൂഡൽഹിയിൽ, കേന്ദ്ര ജലകമ്മീഷൻ വിളിച്ചു ചേർത്ത തെക്കൻ സംസ്ഥാനങ്ങളുടെ ഒന്നാമത് റീജിയണൽ കോൺഫറൻസിലും, പറമ്പിക്കുളം - ആളിയാർ

കരാർ പുന രവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. കേരളത്തോടും തമിഴ്നാടിനോടും കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കാനും, ചർച്ചകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ജലകമ്മീഷനെ അറിയിക്കാനും യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് 2018 ജൂൺ 19-ാം തീയതി നടന്ന യോഗത്തിൽ കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്ന തമിഴ്നാടിനോട് കേരളം ആവശ്യപ്പെട്ടിരുന്നു.

സെക്ഷൻ ഓഫീസർ